**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3 03.02.2020 ൽ മറുപടിക്ക്

**എൻ.പി.ആർ.**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എൻ.പി.ആർ. പ്രവർത്തനങ്ങൾ നടത്തുകയോ വിവരങ്ങൾ വീടുകളിൽ നിന്ന് ശേഖരിക്കുകയോ ചെയ്യില്ലെന്ന് സർക്കാർ കേന്ദ്രത്തെ അറിയിക്കുക ഉണ്ടായോ; വിശദാംശങ്ങൾ നൽകുമോ; | (എ) | അറിയിക്കുകയുണ്ടായി. ദേശീയ ജനസംഖ്യാ രജിസ്റ്റർ ദേശീയ പൗരത്വ രജിസ്റ്ററിലേക്കു നയിക്കുന്ന പ്രക്രിയയാണ്. കേന്ദ്ര സർക്കാർ പാസ്സാക്കിയ പൗരത്വ നിയമ ഭേദഗതി (CAA 2019)യെ തുടർന്ന് രാജ്യത്ത് ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കിയാൽ രാജ്യത്തിലെ ഒട്ടനവധി പൗരന്മാരെ, പ്രത്യേകിച്ചും ന്യൂനപക്ഷ വിഭാഗത്തിലുള്ള പൗരന്മാരെ അത് ദോഷകരമായി ബാധിക്കുമെന്നും സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ, വിശിഷ്യ ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ വ്യാപകമായ ഭയവും ആശങ്കയും ഉളവായിട്ടുണ്ട്. ഇതിനകംതന്നെ ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കി കഴിഞ്ഞ സംസ്ഥാനത്തിലെ അനുഭവം ഇത്തരത്തിലുള്ള ഭയാശങ്കകൾക്ക് അടിസ്ഥാനമാണ്. പൗരത്വ നിയമ ഭേദഗതി (CAA-2019) തന്നെ ഭരണഘടനയ്ക്ക് നിരക്കാത്തതാണ് എന്നുള്ള അഭിപ്രായവും ഉയർന്ന് വന്നിട്ടുണ്ട്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് 20/12/2019 ലെ സർക്കാർ ഉത്തരവ് (എം.എസ്) 247/2019/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്തിൽ ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച എല്ലാ പ്രക്രിയയും സ്റ്റേ ചെയ്യാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.<br>2. ദേശീയ ജനസംഖ്യാ രജിസ്റ്റർ നടപടികളുമായി മുന്നോട്ടു പോയാൽ സംസ്ഥാനത്തെ ക്രമസമാധാന നിലയെ അത് പ്രതികൂലമായി ബാധിക്കുമെന്ന് സംസ്ഥാന പോലീസ് വിഭാഗവും ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതതു ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരായി പ്രവർത്തിക്കുന്ന ജില്ലാ കളക്ടർമാർ |

| | | | |
|---|---|---|---|
| | | | ജനസംഖ്യാ കണക്കെടുപ്പിനൊപ്പം ദേശീയ ജനസംഖ്യാ രജിസ്റ്ററിന്റെ നടപടികൾക്കൂടി നടപ്പിലാക്കാൻ ശ്രമിച്ചാൽ ജനസംഖ്യാ കണക്കെടുപ്പ് തന്നെ കൃത്യമായി നടപ്പിലാക്കാൻ തടസ്സം വരും എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2019 ഡിസംബർ 29 ന് ഈ വിഷയങ്ങൾ ചർച്ച ചെയ്യുവാനായി മുഖ്യമന്ത്രി സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികളുടെയും സാമൂഹിക-മത-സാമുദായിക സംഘടനാ നേതാക്കളുടേയും യോഗം വിളിച്ച് ചേർക്കുകയും പ്രസ്തുത യോഗത്തിൽ ജനങ്ങൾക്കിടയിൽ ഉണ്ടായിരിക്കുന്ന ഭയാശങ്കകളും കൂടി പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്തെ പൗരന്മാർക്കിടയിൽ, പ്രത്യേകിച്ചും ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള അനിതരസാധാരണമായ ഭയാശങ്കകൾ മുതലെടുത്ത് നേട്ടമുണ്ടാക്കാൻ മത മൗലികവാദ ശക്തികളും ശ്രമിക്കുന്നുണ്ട്. സംസ്ഥാനത്തെ ജനാഭിലാഷത്തെ പ്രതിഫലിപ്പിച്ച് കൊണ്ട് ഭരണഘടനയിലെ മതനിരപേക്ഷ മൂല്യങ്ങൾ ഇല്ലാതാക്കുന്നതും പൗരത്വം നൽകുന്നതിൽ മതപരമായ വിവേചനം സൃഷ്ടിക്കുന്നതുമായ പൗരത്വ നിയമഭേദഗതി നിയമം-2019 റദ്ദാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം കേരള നിയമസഭയിൽ ഐകകണ്ഠേന പാസാക്കുകയും ചെയ്തു. ദേശീയ പൗരത്വ ഭേദഗതി നിയമം, 2019 ഭരണഘടനയുടെ അടിസ്ഥാന ഘടനയ്ക്ക് വിരുദ്ധമാണെന്നും ആയതിനാൽ നിയമനിർമ്മാണ സഭയുടെ അധികാരങ്ങൾക്കുള്ളിൽ നിന്നുകൊണ്ടുള്ള തല്ലെന്നുള്ള അഭിപ്രായവും പൊതുവേ ഉയർന്നിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ഭരണഘടനയുടെ അനുഛേദം 131 പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള ഭരണഘടനാവകാശം വിനിയോഗിച്ച് പൗരത്വ ഭേദഗതി നിയമം-2019 ന്റെ ഭരണഘടനാ സാധുത ആരാഞ്ഞുകൊണ്ട് ബഹു.സുപ്രീംകോടതി മുമ്പാകെ 2020 ജനവരി 13 ന് ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്യുകയുമുണ്ടായി.<br>3. പൊതുജനങ്ങളുടെ ഭയാശങ്കകൾ അകറ്റുകയും ക്രമസമാധാന നില ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ അടിസ്ഥാനപരമായ ഭരണഘടനാ ഉത്തരവാദിത്തമാണ്. ഈ വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും കിട്ടിയിട്ടുണ്ട്.<br>4. മുകളിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ കണക്കിലെടുത്ത് ജനസംഖ്യാ കണക്കെടുപ്പ് 2021ന്റെ ആദ്യ ഘട്ടത്തിനൊപ്പം നടത്താനിരുന്ന ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കൽ നടപടികൾ സംസ്ഥാനത്ത് ഏറ്റെടുത്ത് നടത്തുവാനോ അതുമായി സഹകരിക്കുവാനോ സംസ്ഥാന സർക്കാരിന് നിർവ്വാഹമില്ല എന്നുള്ളകാര്യം കേന്ദ്ര സർക്കാരിന്റെ രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറെ അറിയിക്കുന്നതിന് 20.01.2020 ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനം കൈക്കൊള്ളുകയും അതിൻ പ്രകാരം ചീഫ് സെക്രട്ടറി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് രണ്ട് ഘട്ടമായി നടക്കുന്ന ജനസംഖ്യ കണക്കെടുപ്പ് (സെൻസസ്-2021)മായി സർക്കാർ പൂർണമായി സഹകരിക്കുമെന്നും രജിസ്റ്റർ ജനറൽ & സെൻസസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. |
| (ബി) | എന്നാൽ 12.11.2019-ലെ 218/2019 സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സെൻസസ് നടപടികൾക്കൊപ്പം ദേശീയ ജനസംഖ്യാ രജിസ്റ്റർ നടപടികളും ആരംഭിക്കുന്നതിന് അനുമതി നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) & (സി) | സംസ്ഥാനത്ത് ജനസംഖ്യാ കണക്കെടുപ്പും ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കുന്നതിനുമുള്ള പ്രക്രിയ നടപ്പിലാക്കുന്നതിന് വിവിധ തട്ടിലുള്ള ജീവനക്കാരെ ചുമതലപ്പെടുത്തികൊണ്ടുള്ള തീരുമാനമാണ് 12.11.2019-ലെ 218/2019 സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നത്. എന്നാൽ CAA 2019 നിയമത്തെ തുടർന്ന് ഉണ്ടായ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് NPR പുതുക്കൽ നടപടികൾ നിർത്തിവയ്ക്കുവാൻ 20/12/2019 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 247/2019/പൊ.ഭ.വ. പ്രകാരം ഉത്തരവ് ആയിട്ടിട്ടുണ്ട്. ആയതിനാൽ ഈ ജീവനക്കാർ സെൻസസ് നടപടികൾ മാത്രമേ ഏറ്റെടുത്ത് നടത്തുകയുള്ളു. (അനുബന്ധം.1) |
| (സി) | പ്രസ്തുത ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

**GOVERNMENT OF KERALA**

**Abstract**

GAD - National Population Register (NPR) updation, 2020 - Staying of all the activities connected with the updation of National Population Register (NPR) in the State of Kerala - Orders issued

**GENERAL ADMINISTRATION (SECRET SECTION) DEPARTMENT**

G.O (Ms) No.247/2019/GAD Dated,Thiruvananthapuram:20.12.2019

Read: 1.D.O No. 9/5/2019-CRD (NPR) dated 07.08.2019 from Shri Vivek Joshi, Registrar General and Census Commissioner of India, MHA, GoI
2.Notification No. SS1/19/2019/GAD dated 21.08.2019 published in the Kerala Gazette extra ordinary No. 1951 dated 24.08.2019

**ORDER**

On the basis of the request from Registrar General and Census Commissioner of India in his letter read as paper 1 above, the State Government, vide notification read as paper 2 above, has republished the S.O.2753(E) dated 31.07.2019 of Registrar General of Citizen Registration, Ministry of Home Affairs, Government of India

2. Considering that the apprehensions among the general public about the conduct of National Population Register (NPR) related activities leads to National Register of Citizens (NRC) in the wake of Citizenship Amendment Act -2019, the State Government orders to stay all the activities connected with the updation of National Population Register in the State forthwith.

3. Notification read above issued in this regard stands stayed.

**(By order of the Governor)**
**K.R.JYOTHILAL**
**PRINCIPAL SECRETARY**

To

The Director of Census Operations, Kerala, C.G.O Complex, Poonkulam, Vellayani P.O., Thiruvananthapuram - 695522
All District Collectors
All Heads of Departments

Forwarded/ By Order

Section Officer

Copy to:

Special Secretary to Chief Secretary
P A to Additional Chief Secretary, LSGD
PA to Principal Secretary, Revenue Department
P A to Principal Secretary, Planning & Economic Affairs Department
P A to Secretary, General Education Department
The P A to Secretary, E&IT Department